(ബി) അവയിൽ പ്രതികളെ തിരിച്ചറിയാൻ കഴിയാത്തത് എത്ര ;
(സി) പ്രതികളെ തിരിച്ചറിഞ്ഞെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിയാത്തത് എത്ര ;
(ഡി) 'അൺ ഡിറേറക്ടഡ്' ആയി മാറിയിയത് എത്ര ;
(ഇ) റഫർ ചെയ്തത് എത്ര :
(എഫ്) ആത്മഹത്യകൾ എന്ന് തെളിഞ്ഞിട്ടുള്ളത് എത്ര ;
(ജി) റഫർ ചെയ്ത കേസുകളിൽ 'പ്രൊട്ടസ്റ്റ് കംപ്ലെയ്ൻ' കോടതികളിൽ ഫയൽ ചെയ്തിട്ടുള്ളത് എത്ര ?

ഉത്തരം

(എ) 2076.
(ബി) 72.
(സി) 42.
(ഡി) 28.
(ഇ) 88.
(എഫ്) ഒരു കേസ്.
(ജി) ഇല്ല.

ചാക്കോ വധക്കേസ്

5. [9] [ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിലെ ചാക്കോ വധക്കേസിലെ പ്രതിയായ സുകുമാരക്കുറുപ്പിനെ അറസ്റ്റ് ചെയ്തോ ;

(ബി) സുകുമാരക്കുറുപ്പിനെ അറസ്റ്റ് ചെയ്യാൻ പോലീസിൽ ഒരു സ്പെഷ്യൽ സെല്ല് രൂപീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലൈകം ബ്രാഞ്ചിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 13-10-1986 മുതൽ അന്വേഷണം ഏറെറടുത്തു നടത്തിവരികയാണ്.

കൊല ചെയ്യപ്പെട്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ

6. [14] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
[ശ്രീ. കെ. പി: പ്രഭാകരൻ :
,, പി. കുമാരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് കൊലചെയ്യപ്പെട്ടെന്ന് പോലീസ് റിപ്പോർട്ട് ചെയ്തതിനുശേഷം ആരെങ്കിലും തിരികെ വന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly